**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇരവിപുരം അസംബ്ലി നിയജകമണ്ഡലം ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട പ്രവൃത്തികളുടെ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ. 3146/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 26.09.2017.

---

പരാമർശം :- (1) 03.06.2014 ലെ 54/2014/ധന നമ്പർ സർക്കുലർ.

(2) 24.05.2017 ലെ 1709/2017/തസ്വഭവ നമ്പർ സകർക്കാർ ഉത്തരവ്.

(3) 26.05.2017 ലെ 1732/2017/തസ്വഭവ നമ്പർ സകർക്കാർ ഉത്തരവ്.

(4) 21.06.2017 ലെ 2074/2017/തസ്വഭവ നമ്പർ സകർക്കാർ ഉത്തരവ്.

(5) 11.07.2017 ലെ 2362/2017/തസ്വഭവ നമ്പർ നമ്പർ സകർക്കാർ ഉത്തരവ്.

(6) ബഹു.ഇരവിപുരം എം.എൽ.എ. ശ്രീ.എം.നൗഷാദ് അവർകളുടെ 22.08.2017 ലെ കത്ത്.

(7) തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 25.08.2017 ലെ ഡിബി1/1314/2016/സിഇ/തസ്വഭവ (1) നമ്പർ കത്ത്.

**ഉത്തരവ്**

ഇരവിപുരം അസംബ്ലി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം നടപ്പാക്കേണ്ട 14 പ്രവൃത്തികൾക്ക് പരാമർശം (2) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് ബഹു.എം.എൽ.എ. പരാമർശം (6) പ്രകാരം അനുമതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ "പ്രസ്തുത പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി ചെയ്യേണ്ടതാണ്" എന്ന് ഭരണാനുമതി ഉത്തരവിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (7) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ, നഗരസഭ ഇക്കാര്യത്തിൽ 'resolution' പാസ്സാക്കിയ ശേഷമേ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാവൂ എന്ന വ്യവസ്ഥയിൽ പരാമർശം (2) മുതൽ (5) വരെയുള്ള സർക്കാർ ഉത്തരവുകളിലൂടെ ഭരണാനുമതി നൽകിയിട്ടുള്ള ഇരവിപുരം എം.എൽ.എ.യുടെ LAC - ADS-ൽ പെട്ട 14 പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം "ഡെപ്പോസിറ്റ് വർക്ക്" ആയി നടപ്പിലാക്കാൻ അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സിന്ധു.എൽ.,

സ്പെഷ്യൽ സെക്രട്ടറി.

ശ്രീ.നൗഷാദ്, എം.എൽ.എ., ഇരവിപുരം അസംബ്ലി നിയോജകമണ്ഡലം.

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. (നിരത്തുകളും പാലങ്ങളും), തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം കോർപ്പറേഷൻ.

ധനകാര്യ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.